**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3053** **25-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ പുരോഗതി ലഭ്യമാക്കാമോ; അലൈൻമെന്റ് പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; അഴീക്കോട് മണ്ഡലത്തിലെ പ്രസ്തുത ഹൈവേയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ ധർമ്മടം മണ്ഡലത്തിലുള്ള മുഴപ്പിലങ്ങാട് മുതൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ രണ്ടുതെങ്ങ് വരെയാണുള്ളത്. ഇതിൽ പാലക്കോട് - കുന്നരു ഭാഗത്തിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിന്റെ ഭാഗമായുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ അടക്കമുള്ള വിശദമായ പ്രവൃത്തികൾക്കുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ 16.09.2021 ന് ആരംഭിച്ചിട്ടുണ്ട്. അഴീക്കോട് മണ്ഡലത്തിലെ തീരദേശ ഹൈവേ ആരംഭിക്കുന്നത് നീർക്കടവ് മുതൽ അഴീക്കൽ - മാട്ടൂൽ നിർദ്ദിഷ്ട പാലം വരെയാണ്. ഇതിന്റെ പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ? | (ബി) | ഡി.പിആർ പൂർത്തീകരിച്ച് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ